# ഉപഭോക്തൃ സങ്കട പരിഹാര ഫോറം

വൈദ്യുതി വിഭാഗം, തൃശ്ശൂർ കോർപ്പറേഷൻ
തൃശ്ശൂർ - 680 001.

തിയ്യതി : 07.08.2026

നമ്പർ : CGRF – 4225/26

ഹാജർ

ടി. എസ്. ജോസ് - ചെയർപേഴ്സൺ
കെ.വിനുകൃഷ്ണൻ - മെമ്പർ
അഡ്വ. അസിയ.പി.കെ - മെമ്പർ

Henachandan
23/4/1
Devaritham
Kottiyil lane, Kanattukara
Thrissur – 680011
Ph : 9947267573.

പരാതിക്കാരൻ

ലൈസൻസിയ്ക്കു വേണ്ടി
അസിസ്റ്റന്റ് സെക്രട്ടറി,
വൈദ്യുതി വിഭാഗം
തൃശ്ശൂർ കോർപ്പറേഷൻ
തൃശ്ശൂർ - 680 001.

എതിർകക്ഷി

**പരാതിയുടെ സംക്ഷിപ്ത രൂപം :**

കൺസ്യൂമർ നം. 18024 - B, സർവ്വീസ് കണക്ഷൻ ഹേനചന്ദ്രന്റെ പേരിലുള്ള നടുവിലാൽ ഷോപ്പിംഗ് കോംപ്ലക്സ് മുറികളിൽ ഒന്നാണെന്നും, 15.02.2026 ലെ വൈദ്യുതി ബിൽ തുക (6,227/- രൂപ ) മുൻകാല ബില്ലുകളെക്കാൾ വളരെ കൂടുതലാണെന്നും, മാത്രമല്ല, ടി കടമുറി 6 വർഷമായി അടഞ്ഞുകിടക്കുകയാണെന്നും പരാതിയിൽ സൂചിപ്പിക്കുന്നു. പരാതിക്കടിസ്ഥാന മായുള്ള ബില്ലുകൾക്കു ശേഷം ലഭ്യമായ ബില്ലുകൾ ശരിയായ ഉപയോഗമാണ് കാണിക്കുന്നത്. 18.06.2026 ന് ടി.സി.ഇ.ഡി. യിൽ നിന്നും ഉദ്യോഗസ്ഥർ മീറ്റർ പരിശോധിച്ചുവെങ്കിലും മീറ്ററിൽ തകരാറില്ല എന്ന മറുപടിയാണ് ലഭ്യമായതെന്നും, മറുപടിയിൽ തൃപ്തനല്ലാത്തതിനാൽ അധിക ബിൽ തുക ലഭിച്ച ബില്ലിൽ തുടരന്വേഷണം നടത്തി ശക്തമായ നടപടികൾ കൈക്കൊള്ളണമെന്നാണ് പരാതിക്കാരന്റെ ആവശ്യം.

**ഫോറത്തിന്റെ നടപടികൾ :**

23.06.2026 ന് ഫോറം പരാതി ഫയലിൽ സ്വീകരിച്ചു. വിശദമായ സത്യവാങ്മൂലം സഹിതം ലൈസൻസിക്കു വേണ്ടി ഹാജരാകുന്നതിന് ബില്ലിങ്ങ് സെക്ഷനും, തുടർന്നു വരുന്ന സി.ജി.ആർ.എഫ്. സിറ്റിങ്ങിൽ ഹാജരാകുന്നതിന് പരാതിക്കാരനും കത്ത് നൽകുന്നതിന് തീരുമാനിച്ചു. 08.07.2026 ന് പരാതി വിശദമായി പരിശോധിച്ചു. 23.07.2026 ന് പരാതിക്കാരൻ നേരിട്ട് ഹാജരായി താഴെ പറയുന്ന കാര്യങ്ങൾ ബോധിപ്പിച്ചു.

6 വർഷമായി അടഞ്ഞുകിടക്കുന്ന കൺസ്യൂമർ നമ്പർ 18024 - ബി നമ്പർ കടമുറിയിലെ വൈദ്യുതി ബില്ലുകൾ മുടക്കം വരുത്താതെ അടച്ചു വരുന്നുണ്ട്. എന്നാൽ 15.02.2026 ൽ 6,227/- രൂപയുടെ വലിയ ബിൽ തുകയാണ് ലഭിച്ചത്. തുടർന്ന് ടി.സി.ഇ.ഡി. യിൽ പരാതി സമർപ്പിക്കുകയും ടി.സി.ഇ.ഡി. യിലെ ഉദ്യോഗസ്ഥർ ചെക്ക് മീറ്റർ വച്ച് മീറ്റർ പരിശോധിച്ച് തകരാറില്ല എന്നറിയിക്കുകയും ചെയ്തു. ഈ മറുപടിയിൽ തൃപ്തനല്ലാത്തതിനാൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ മീറ്റർ പരിശോധനയ്ക്കായി അയയ്ക്കുകയും മീറ്ററിൽ തകരാറുള്ളതായി റിപ്പോർട്ട് ലഭിക്കുകയും ചെയ്തു.

വിഷയത്തിൽ ബില്ലിങ്ങ് സെക്ഷൻ സമർപ്പിച്ച സത്യവാങ്മൂലം.

തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗത്തിലെ കൺസ്യൂമർ നം. 18024-ബി, കെട്ടിട നം.25/1046/ബി-5, 2 കിലോവാട്ട് കണക്റ്റഡ് ലോഡ്, എൽ.ടി.7എ താരിഫ്, സിംഗിൾ ഫേസ്, ദ്വൈമാസ ബില്ലുകൾ നൽകി വരുന്ന കണക്ഷനാണ് സ്പോട്ട് ബിൽ മീറ്റർ റീഡർ നൽകി വരുന്ന റീഡിംഗ് പ്രകാരം കഴിഞ്ഞ ഒരു വർഷത്തെ ( 12 മാസത്തെ ) ഉപയോഗം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ഇതോടൊപ്പം ചേർക്കുന്നു.

| No. | Bill Date | Previous Reading | Present Reading | Unit | Amount |
|---|---|---|---|---|---|
| 1 | 14.08.2024 | 5 | 5 | 0 | 374 |
| 2 | 15.10.2024 | 5 | 5 | 0 | 374 |
| 3 | 14.12.2024 | 5 | 5 | 0 | 372 |
| 4 | 16.02.2025 | 5 | 5 | 0 | 392 |
| 5 | 16.04.2025 | 5 | 5 | 0 | 390 |
| 6 | 17.06.2025 | 5 | 5 | 0 | 257 |
| 7 | 18.08.2025 | 5 | 5 | 0 | 392 |
| 8 | 17.10.2025 | 5 | 5 | 0 | 392 |
| 9 | 16.12.2025 | 5 | 5 | 0 | 392 |
| 10 | 15.02.2026 | 5 | 653 | 648 | 6227 |
| 11 | 20.04.2026 | 653 | 653 | 0 | 392 |
| 12 | 18.06.2026 | 653 | 656 | 3 | 297 |

വിഷയത്തിൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച സത്യവാങ്മൂലം.

EW 2 – 1264/26 പ്രകാരം 06.03.2026 ൽ ഹേന ചന്ദൻ അധിക ബിൽ തുക വന്നതുമായി ബന്ധപ്പെട്ട നൽകിയ പരാതിയിൽ ചെക്ക് മീറ്റർ സ്ഥാപിച്ച് പരിശോധിക്കുകയും ആയതിൽ മീറ്ററിൽ അപാകതയൊന്നും കണ്ടെത്താത്തതിനാൽ നോട്ടീസ് നൽകി നടപടിയാക്കുകയും ചെയ്തു. തുടർന്ന് EW 2 – 4152/26 നമ്പർ പ്രകാരം ലഭ്യമായ അപേക്ഷയിൽ കൂടുതൽ പരിശോധനയ്ക്കായി മീറ്റർ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിലേക്ക് നൽകുകയും ആയതിൽ മീറ്റർ തകരാർ ആണെന്ന് റിപ്പോർട്ട് ലഭിക്കുകയും ചെയ്തിട്ടുണ്ട്. (EI Report No.: MTLH-785/26-1-1 dt. 15.07.2026 ) ബിൽ റിവൈസ് ചെയ്യുന്നതിന് ബില്ലിങ്ങ് സെക്ഷനിലേക്ക് നൽകി നടപടി സ്വീകരിച്ചിട്ടുണ്ട്. 18.06.2026 ലെ സെക്ഷനിൽ നിന്ന് നൽകിയ നോട്ടീസും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള റിപ്പോർട്ടും ഇതോടൊപ്പം ചേർക്കുന്നു.

ഫോറത്തിന്റെ നിഗമനം.

ലൈസൻസിയുടെ ഭാഗത്തു നിന്നും ചെക്ക് മീറ്റർ വഴി മീറ്റർ പരിശോധിച്ചതിൽ മീറ്റർ തകരാറില്ല എന്ന് കാണുകയുണ്ടായി. എന്നാൽ മറുപടിയിൽ തൃപ്തനല്ലാത്ത സാഹചര്യത്തിൽ പരാതിക്കാരന്റെ അപേക്ഷ പ്രകാരം ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിലേക്ക് മീറ്റർ വിശദമായി പരിശോധന നടത്തുന്നതിന് നൽകുകയും, പ്രസ്തുത പരിശോധനയിൽ മീറ്റർ തകരാറാണ് എന്ന് 37-10264/26/EIR പ്രകാരം ടെസ്റ്റ് സർട്ടിഫിക്കേറ്റ് ഹാജരാക്കിയിട്ടുള്ളതിനാൽ പരാതിക്കടിസ്ഥാന മായ ബിൽ തുക റിവൈസ് ചെയ്ത് നൽകേണ്ടത് തന്നെയാണ് എന്ന് ഫോറം നിരീക്ഷിച്ചു.

ഉത്തരവ് നടപടികൾ :

മീറ്റർ തകരാറാണ് എന്ന് ബോദ്ധ്യപ്പെട്ടതിനാൽ പരാതിക്കാസ്പദമായ ബില്ല് നിയമാനുസൃതം റിവൈസ് ചെയ്തു നൽകുന്നതിന് ഉത്തരവാകുന്നു.

അഡ്വ. അസിയ.പി.കെ
മെമ്പർ

വിനുകൃഷ്ണൻ. കെ
മെമ്പർ

ടി.എസ്. ജോസ്
ചെയർപേഴ്സൺ

THRISSUR MUNICIPAL CORPORATION
ELECTRICITY DEPARTMENT